**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1006** **30-11-2018-ലെ മറുപടി**

## <u>കുട്ടനാടിന്റെ വികസനം</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ.മുരളീധരൻ** | | **കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കുട്ടനാടിന്റെ വികസനവുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പ് എന്തൊക്കെ പഠനങ്ങളാണ് നാളിതുവരെ നടത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | കുട്ടനാട് വികസനവുമായി ബന്ധപ്പെട്ട് കുട്ടനാടിന്റെ സമഗ്ര വികസനത്തിനായി എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ (എം.എസ്.എസ്.ആർ) നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ് എം.എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട്. ഇത് പ്രായോഗികമായി നടപ്പിലാക്കുന്നതിനുവേണ്ടി ഐ.ഐ.റ്റി മദ്രാസ്, കോഴിക്കോട് CWRDM എന്നീ സ്ഥാപനങ്ങൾ ഒരു സംയുക്ത പഠനവും നടത്തിയിട്ടുണ്ട്. ഈ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് പാടശേഖരങ്ങളുടെ പുറംബണ്ടുകളുടെ ഉയരവും വീതിയും തീരുമാനിച്ചിട്ടുള്ളത്. ഇതുകൂടാതെ 1985-88 കാലഘട്ടത്തിൽ നെതർലാന്റ് സർക്കാരിന്റെ സഹായത്തോടുകൂടി കുട്ടനാട് മേഖലയുടെ "കുട്ടനാട് വാട്ടർ ബാലൻസ് സ്റ്റഡി" എന്ന ഒരു പഠനവും നടത്തിയിട്ടുണ്ട്. |
| (ബി) | ഓരോ പഠനത്തിന്റെയും അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ? | (ബി) | എം.എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>1.കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലുമായി 129 പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തലും അനുബന്ധ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്.<br>2. ഓണാട്ടുകര മേഖലയിൽ 49.97 കിലോമീറ്റർ തോടുകൾ നവീകരിക്കുകയും 33.60 കിലോമീറ്റർ പുറംബണ്ടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>3. തണ്ണീർമുക്കം ബാരേജിന്റെ മൂന്നാം ഘട്ട നിർമ്മാണം പൂർത്തിയായി വരുന്നു.<br>4. തലയാഴം പഞ്ചായത്തിലെ കരിയാർ നദിക്ക് കുറുകെയുള്ള റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br>5. ചേർത്തല താലൂക്കിലെ പട്ടണക്കാട് പ്രദേശത്തെ റെഗുലേറ്ററിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പട്ടണക്കാട് പഞ്ചായത്തിലെ റെഗുലേറ്റർ കം ബ്രിഡ്ജ് എഴുപുന്ന പഞ്ചായത്തിലെ പെണ്ണുവളി റെഗുലേറ്റർ കുത്തിയതോട് പുല്ലംഞ്ചിറ ചാത്തൻച്ചിറ തോടിന്റെ സ്ലൂയിസിന്റെ നിർമ്മാണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.<br>6.തോട്ടപ്പള്ളി സ്പിൽവേയുടെ 40 ഷട്ടറുകൾ മാറ്റി സ്റ്റെയിൻലസ് സ്റ്റീൽ ഷട്ടറുകൾ സ്ഥാപിച്ചിട്ടുണ്ട്.<br>7. ആലപ്പുഴ, ചങ്ങനാശ്ശേരി എ.സി. കനാൽ നവീകരണ |

| | | | |
|---|---|---|---|
| | | | ക്കുന്നതിന്റെ ഒന്നാം ഘട്ടമായ മനക്കൽച്ചിറ മുതൽ ഒന്നാംകരവരെയുള്ള 9.78 കി.മീറ്റർ ഭാഗത്തെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>8.കുട്ടനാട് വാട്ടർബാലൻസ് സ്റ്റഡിയുടെ അടിസ്ഥാനത്തിൽ കുട്ടനാട്ടിലേയ്ക്ക് ശുദ്ധജലം എത്തിച്ചേരുന്ന അച്ചൻകോവിൽ, പമ്പ, മണിമല തുടങ്ങിയ പുഴകളിൽ അധിക ജലം ഉണ്ടാവില്ലെന്നും കുട്ടനാടിന്റെ പാരിസ്ഥിതിക സംരക്ഷണത്തിന് ആവശ്യമുള്ള ശുദ്ധജലംപോലും വേനൽക്കാലത്ത് ഈ പുഴകളിൽ നിന്ന് ലഭ്യമാകുന്നില്ലായെന്നും തെളിയിക്കപ്പെട്ടിട്ടുണ്ട്. കുട്ടനാട് മേഖലയിൽ അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി പതിമൂന്നാം ധനകാര്യ കമ്മീഷന്റെ സഹായത്തോടെ 70 കോടി രൂപയുടെ പദ്ധതിയുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ കുട്ടനാട് മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി 2017-18- ബജറ്റിൽ പ്രഖ്യാപിച്ച സമഗ്ര കുടിവെള്ള പദ്ധതിക്ക് 241 കോടി രൂപയുടെ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ